# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1952

05-10-2016 ൽ മറുപടിയ്ക്ക്

### സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എം.മണി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ<br>ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ: | (എ) | സംസ്ഥാനത്തെ സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി തടയണ നിർമ്മാണം, ജല സ്രോതസ്സുകളുടെ പുന:രുദ്ധാരണം, എന്നീ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇതിനായി പ്രത്യേക പദ്ധതികൾ നിലവിൽ രൂപം കൊടുത്തിട്ടില്ല. എന്നാൽ, സമഗ്ര കേരള വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള "ഹരിത കേരള മിഷൻ"-ന്റെ ഭാഗമായി ജലസംരക്ഷണത്തിന് ഊന്നൽ നൽകുന്ന ജനപങ്കാളിത്തമുള്ള പദ്ധതി രൂപം കൊണ്ടു വരുന്നു. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി, ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്താൻ കൂടി ലക്ഷ്യമിട്ടിട്ടുള്ള ഈ പ്രവർത്തനത്തിൽ ആദ്യഘട്ടത്തിൽ കുളങ്ങളും തോടുകളും പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളാണ് ഉദ്ദേശിക്കുന്നത്. ഭൂജല സംരക്ഷണത്തിനും, കൃത്രിമ ഭൂജല സംപോഷണത്തിനുമായി ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി നടപ്പാക്കിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | കേരള ജല അതോറിറ്റിയുടെ കീഴിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളം, പാറശ്ശാല പഞ്ചായത്തിൽ പരശുവക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ, ആനത്താഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ചെളിനീക്കൽ, സംരക്ഷണഭിത്തി നിർമ്മിക്കൽ, സമീപ പ്രദേശങ്ങളിലെ മഴവെള്ളം കുളത്തിലെത്തിക്കൽ എന്നിവ ഉൾപ്പെടുന്നു. പാറശ്ശാല പഞ്ചായത്തിലെ പാറശ്ശാല, പരശുവക്കൽ വില്ലേജുകൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ വണ്ടിച്ചിറ കുളത്തിലെ ചെളി നീക്കം ചെയ്യലും വശങ്ങളിൽ കരിങ്കല്ല് പാകി എൽ.ഡി.പി.ഇ ഫിലിം പതിപ്പിച്ച് ജലസ്രോതസ്സായ കുളത്തിനെ സംരക്ഷിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ജല സ്രോതസ്സുകളായ കുളങ്ങൾ ശുദ്ധീകരിക്കുകയും സംരക്ഷിക്കുകയും അതുവഴി ശുദ്ധജല സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പുവരുത്തുകയുമാണ് ഇത്തരം പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതുകൂടാതെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായി വരുന്ന ജലാശയങ്ങൾ, തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കമ്പിവേലി നിർമ്മിച്ചും ബോർഡുകൾ സ്ഥാപിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ജലസേചന വകുപ്പിൽ നിലവിൽ വിവിധ പദ്ധതികളായ MI Priority Works, MI Class I, NABARD, കാസർഗോഡ് പാക്കേജ്, ചാലിയാർ ബേസിൻ, കബനി ബേസിൻ, ഭവാനി ബേസിൻ, തലപ്പള്ളി പാക്കേജ്, 2013-14 കാലയളവിൽ വരൾച്ച പ്രതിരോധിക്കാൻ പ്രഖ്യാപിച്ച പദ്ധതി തുടങ്ങുവാനായി ചെക്കു ഡാമുകൾ, റെഗുലേറ്ററുകൾ, |

| | | | |
|---|---|---|---|
| | | | 13th Finance Commission ഒരു പഞ്ചായത്തിൽ ഒരു കുളം എന്നിവയിൽ ഉൾപ്പെടുത്തി കുളങ്ങളുടേയും ചിറകളുടേയും പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. ഇതു വഴി നദികളിലെ നീരൊഴുക്ക് പുന:സ്ഥാപിക്കുന്നതും, ഭൂജല വിതാനം താഴാതെ നില്നിർത്തുക, - കുടിവെള്ള ലഭ്യത ഉറപ്പാക്കുക, ഗാർഹികാവശ്യത്തിനും, പാരിസ്ഥിതി കാവശ്യത്തിനും ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യങ്ങൾ.<br>ഭൂജല വകുപ്പിൽ ഭൂജലം സംരക്ഷിക്കുന്നതിനായി ഭൂജല സംരക്ഷണവും, കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൃത്രിമ ഭൂജല സംപോഷണം നടപ്പാക്കുന്നതിനായി ശാസ്ത്രീയമായി സ്ഥാന നിർണ്ണയം നടത്തി അടിയണകൾ, തടയണകൾ എന്നിവ നിർമ്മിച്ച് സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതു വഴി ഭൂജല നിരപ്പ് ഉയരുകയും വരൾച്ചയുടെ തോത് കുറയുന്നതിന് സഹായകരമാകുകയും ചെയ്യുന്നു, |
| (സി) | കടുത്ത വരൾച്ചയെ പ്രതിരോധിക്കുന്നതിനും അതുമൂലമുണ്ടാകുന്ന ദുരിതങ്ങൾ പരിഹരിയ്ക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | **<u>കേരള ജല അതോറിറ്റി</u>**<br>കടുത്ത വരൾച്ചയെ പ്രതിരോധിക്കുന്നതിനും അതുമൂലമുണ്ടാകുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിനും കേരള ജല അതോറിറ്റി താഴെപ്പറയുന്ന മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്:<br>1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പുവരുത്തുക;<br>2. ഇറിഗേഷൻ/വൈദ്യുത വകുപ്പുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കുക;<br>3. അടിക്കടി ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുക;<br>4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുക;<br>5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക;<br>6. റവന്യൂ തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണം നടത്തുക;<br>7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിനായി പമ്പു സെറ്റുകളുടെ അറ്റകുറ്റപ്പണി നടത്തുക;<br>8. ആവശ്യമാണെങ്കിൽ പമ്പിംഗിന് അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുക;<br>9. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടികൾ സ്വീകരിക്കുക;<br><br>കൂടാതെ സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സ്വീകരിക്കാറുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം മുൻകൂട്ടി നടപ്പിലാക്കുവാൻ കേരള ജല അതോറിറ്റി ഉദ്ദേശിക്കുന്നു.<br><br><u>**ജലസേചന വകുപ്പ്**</u><br><br>തോടുകൾ, കുളങ്ങൾ, കായലുകൾ, കനാലുകൾ തുടങ്ങിയവ ശുചീകരിച്ച്, സംയോജിത നീർത്തട മാനേജ്മെന്റ് തത്വമനുസരിച്ച് ശാസ്ത്രീയ മണ്ണ്, ജലപരിപാലനം വഴി ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിൽ ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി നദികളിലെ നീരൊഴുക്ക് പുന:സ്ഥാപിക്കുക/ സ്ഥായിയാക്കുക, ഭൂഗർഭ ജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക, കാർഷികാവശ്യത്തിനുള്ള ജലം ലഭ്യമാക്കുക, പാരിസ്ഥിതിക ധർമ്മം നിറവേറ്റുന്നതിനുള്ള ജലം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുക എന്നിവ കൈവരിക്കാൻ സാധിക്കും.<br>**ഭൂജല വകുപ്പ്**<br>അടിയണ, തടയണകളുടെ നിർമ്മാണം, മഴക്കുഴികൾ, തുറന്ന കിണർ റീചാർജിംഗ് തുടങ്ങിയവ കൃത്രിമ ഭൂജല സംപോഷണം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഏകദേശം 65 ലക്ഷം തുറന്ന കിണറുകൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. തുറന്ന കിണറുകൾ കൃത്രിമമായി റീചാർജ്ജ് ചെയ്യുന്നതിലൂടെ കൂടുതൽ മഴവെള്ളം ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങുന്നതിനും, അതുവഴി ഭൂജലനിരപ്പ് ഉയരുന്നതിനും കാരണമാകുന്നു. ഇതുമൂലം വരൾച്ചയുടെ തോത് കുറയുന്നതിന് സഹായകരമാകുന്നു. |

**സെക്ഷൻ ഓഫീസർ**